## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7469 — 17.7.2012-ൽ മറുപടിയ്ക്ക്

'നിറവ്' പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'നിറവ്' എന്ന പദ്ധതി എവിടങ്ങളിലൊക്കെയാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ' നിറവ് ' എന്ന സമഗ്ര കാർഷിക വികസന പദ്ധതി സംസ്ഥാനത്തെ 9 ജില്ലകളിലെ 11 നിയോജകമണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ നടപ്പാക്കുന്നത്. |

| ക്രമ നമ്പർ | ജില്ല | നിയോജകമണ്ഡലം |
|---|---|---|
| 1 | കണ്ണൂർ | 1. കൂത്തുപറമ്പ് |
| 2 | കോഴിക്കോട് | 2. പേരാമ്പ്ര |
| | | 3.നാദാപുരം |
| | | 4.ബാലുശ്ശേരി |
| 3 | വയനാട് | 5. കൽപ്പറ്റ |
| 4 | മലപ്പുറം | 6. കോട്ടയ്ക്കൽ |
| 5 | തൃശ്ശൂർ | 7. കൊടുങ്ങല്ലൂർ |
| 6 | എറണാകുളം | 8. പറവൂർ |
| 7 | ഇടുക്കി | 9. തൊടുപുഴ |
| 8 | ആലപ്പുഴ | 10. ചെങ്ങന്നൂർ |
| 9 | കൊല്ലം | 11. പത്തനാപുരം |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുകയും വിളകളുടെ വിസ്തൃതി കൂട്ടുക, വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ജൈവകൃഷി വ്യാപിപ്പിക്കുക, മൂല്യവർദ്ധനവിലൂടെയും ഉൽപന്ന വൈവിധ്യവൽക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഇതിനുവേണ്ടി കൃഷി അനുബന്ധമേഖലകളായ കോഴി വളർത്തൽ, കാലിവളർത്തൽ, മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തി വിത്തു മുതൽ വിപണി വരെയുള്ള സമഗ്ര കാർഷിക വികസനമാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | ഏതൊക്കെ വകുപ്പുകളാണ് ഈ പദ്ധതിയിൽ സഹകരിക്കുന്നത്; | (സി) | കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിയിൽ കൃഷി അനുബന്ധ വകുപ്പുകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യകൃഷി വികസനം, പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ , കെ.എൽ.ഡി.സി, മീറ്റ് പ്രോഡക്ടസ് ഓഫ് ഇൻഡ്യ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ , ഫിഷറീസ്, സോയിൽ കൺസർവേഷൻ കൂടാതെ പട്ടികജാതി വികസനവകുപ്പ്, കുടുംബശ്രീ എന്നീ വകുപ്പുകളാണ് സഹകരിക്കുന്നത്. |
| (ഡി) | ഈ പദ്ധതിയുടെ സംഘാടന കമ്മിറ്റിയുടെ ഘടന വ്യക്തമാക്കുമോ? | (ഡി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാന തല കമ്മിറ്റി:

ചെയർമാൻ : കൃഷി മന്ത്രി
വൈസ് ചെയർമാൻ : എം.എൽ.എ
കൺവീനർ: പി.പി.എം സെൽ ഡയറക്ടർ
അംഗങ്ങൾ : ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഡയറക്ടർമാർ, എം.ഡി.മാർ. ചീഫ് എഞ്ചിനീയർ ഇറിഗേഷൻ, കുടുംബശ്രീ ഡയറക്ടർ

നിയോജക മണ്ഡലം കമ്മിറ്റി:

ചെയർമാൻ -- എം.എൽ.എ
കൺവീനർ : പ്രിൻസിപ്പൽ കൃഷി ഓഫീസർ

അംഗങ്ങൾ:

1. കൃഷി അസിസ്റ്റന്റ് ഡയറക്ടർ
2. ഫിഷറീസ് വകുപ്പ്, ജലസേചനം
3. മൃഗ സംരക്ഷണ വകുപ്പ്
4. ക്ഷീര വികസനം
5. പട്ടികജാതി വികസനം
6. മണ്ണു സംരക്ഷണം
7. ആത്മ
8. കുടുംബശ്രീ
9. ഹോർട്ടികൾച്ചർ മിഷൻ
10. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ

(1–10) } ജില്ലാതല ഉദ്യോഗസ്ഥ പ്രതിനിധി

11. നബാർഡ്
12. കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ
13. പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ
14. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ്

(11–14) } പ്രതിനിധി

15. പി.പി.എം സെൽ
16. മുനിസിപ്പൽ ചെയർമാൻ
17. ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ
18. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ
19. കൃഷി ഓഫീസർമാർ
20. ബ്ളോക്ക് ക്ഷീര വികസന ഓഫീസർ
21. പൊക്കാളി നില വികസന ഏജൻസി പ്രതിനിധി (നിലവിലുള്ള സ്ഥലങ്ങളിൽ)
22. അഡാക്ക്
23. സാഫ് പ്രതിനിധി

പഞ്ചായത്ത്/ മുനിസിപ്പൽ തല കമ്മിറ്റി/ ഇംപ്ളിമെന്റിംഗ് കമ്മിറ്റി

1 ചെയർമാൻ -- പഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർമാൻ
2. കൺവീനർ -- കൃഷി അസിസ്റ്റന്റ് ഡയറക്ടർ

അംഗങ്ങൾ

1. എല്ലാ പഞ്ചായത്ത് അംഗങ്ങളും
2. കൃഷി ഓഫീസർ
3. ക്ഷീര വികസന ഓഫീസർ
4. ക്ഷീര സംഘം പ്രസിഡന്റുമാർ
5. വെറ്റിനറി സർജന്മാർ
6. ജലസേചന വകുപ്പ് എജൻസി ഫീയർ
7. NREGS ചാർജ്ജ് ഓഫീസർ
8. പാടശേഖര കമ്മിറ്റി പ്രസിഡന്റ്/ സെക്രട്ടറി
9. നിറവ് സൊസൈറ്റിയുടെ പ്രതിനിധി

Snshama
സെക്ഷൻ ഓഫീസർ